**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **11-02-2025 - ൽ മറുപടിയ്ക്ക്**

**കടുവയുടെ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടുവയുടെ ആക്രമണം വർധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കടുവ ആക്രമണം മൂലം സംഭവിച്ച മനുഷ്യമരണങ്ങൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് കടുവയുടെ ആക്രമണം വർദ്ധിച്ചു വരുന്ന സാഹചര്യം കാണുന്നില്ല. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാനന്തവാടി പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീ കടുവ ആക്രമണത്തിൽ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഗൗരവത്തോടെ കാണുന്നുണ്ട് . നോർത്ത് വയനാട് ഡിവിഷൻ ബേഗൂർ റെയ്ഞ്ചിലെ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പഞ്ചാരക്കൊല്ലി ഭാഗത്ത് വനത്തിനുള്ളിലാണ് രാധയുടെ മൃതദേഹം കണ്ടെത്തിയത്. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നിർഭാഗ്യകരമായ ഈ സംഭവം ഉണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| (സി) | കടുവയുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയുടെ അപകടമരണത്തിനിടയാക്കിയ കടുവയുടെ മരണത്തിന് ശേഷവും വനത്തിനോട് ചേർന്ന ജനവാസകേന്ദ്രങ്ങളിൽ പട്രോളിംഗം നിരീക്ഷണവും ശക്തമാക്കുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ വനത്തിനോട് ചേർന്ന് കിടക്കുന്നതും കടുവ സാന്നിദ്ധ്യമുണ്ടാകാൻ സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി ഹോട്ട്സ്പോട്ടുകളാക്കി പ്രത്യേകം പട്രോളിംഗ് നടത്തുന്നതിനായി Operation Wayanad 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഹോട്ട് സ്പോട്ടുകളിൽ Camera traps, live cameras മുതലായവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോള- |

| | | | |
|---|---|---|---|
| | | | മിങ്ങോളം വന്യമൃഗങ്ങൾക്ക് വനാന്തർ ഭാഗത്ത് തന്നെ ഭക്ഷണവും വെള്ളവും സുലഭമാക്കുന്നതിന്റെ ഭാഗമായി “Mission Food, fodder and water” എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട് ലാന്റ്സ്കേപ്പിലും ഊർജ്ജിതമായി നടപ്പാക്കാനാരംഭിച്ചിട്ടുണ്ട്. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിന് ഫെൻസിംഗുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് “Mission Fencing” എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. വനപ്രദേശത്തെ വഴിയോരങ്ങളും വനാതിർത്തിയിലുള്ള തോട്ടങ്ങളുടെ അടിക്കാടുകളും തെളിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വർഷം | കടുവ മൂലം മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| 2020-21 | 1 |
| 2021-22 | 1 |
| 2022-23 | 1 |
| 2023-24 | 1 |
| 2024-25 (31/01/2025 വരെ) | 1 |